**ഗ്രാമ ന്യായാലയം മതിലകം, എറിയാട്**
**സാന്നിദ്ധ്യം: ശ്രീമതി. അപർണ ഉദയകുമാർ, ന്യായാധികാരി**
**തിയ്യതി: 2026 മാർച്ച് 16, തിങ്കൾ (1947 ഫാൽഗുനം 25)**

.............................................................................................................................................

# CMP 03/2026 IN MC 02/2024

| | | |
|---|---|---|
| ഹർജിക്കാരൻ/ 1-ാം എതിർകക്ഷി | : | നിസ്സാം, 37 വയസ്സ്, S/o മുന്നാക്കപറമ്പിൽ ലത്തീഫ്, എറിയാട് ദേശം & വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്<br>(അഡ്വ: കെ എം ജോസഫ് തിയോഫിൻ) |
| എതിർകക്ഷി /ഹർജിക്കാരി | : | റുബീന, 32 വയസ്സ്, W/o മുന്നാക്കപറമ്പിൽ നിസ്സാം, എറിയാട് ദേശം & വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക് & D/o പണ്ടാറ പറമ്പിൽ മുഹമ്മദ് റാഫി, അഴീക്കോട് ദേശം & വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്<br>(അഡ്വ: യു കെ ജാഫർഖാൻ) |
| വകുപ്പ് | : | സിവിൽ നടപടി നിയമം 151-ാം വകുപ്പ്. |

ഈ ഹർജി ഇന്നേ ദിവസം വാദത്തിനു വരുകയും, താഴെ പറയും പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

**ഉത്തരവ്**

സിവിൽ നടപടി നിയമത്തിലെ 151-ാം വകുപ്പ് പ്രകാരം എതിർകക്ഷി സമർപ്പിച്ച അപേക്ഷയാണിത്.

2. ഹർജിയുടെ ചുരുക്കം: ഹർജിക്കാരൻ മേൽ നമ്പർ കേസിലെ എതിർകക്ഷിയാണ്; എതിർകക്ഷി ഒന്നാം ഹർജിക്കാരിയും ടിയാന്റെ ഭാര്യയുമാണ്. ടി വിവാഹബന്ധത്തിൽ രണ്ട് കുട്ടികളുണ്ട്. ഹർജിക്കാരൻ വിദേശത്ത് ആയിരുന്ന സമയത്ത് എതിർകക്ഷി കളവായ കാര്യങ്ങൾ ബോധിപ്പിച്ച് മേൽ നമ്പർ ഹർജി സമർപ്പിക്കുകയും Residential Order ആവശ്യപ്പെട്ട് താൽക്കാലിക ഉത്തരവ് സമ്പാദിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ വിദേശത്ത് സമ്പാദിച്ച പണം കൊണ്ട് നിർമ്മിച്ച വീടിന്റെ പൂട്ട് പൊളിച്ച് എതിർകക്ഷി അതിക്രമിച്ച് കയറി താമസിക്കുന്നതുമാണ്. മേൽ നമ്പർ ഹർജിയിലും താൽക്കാലിക ഹർജിയിലും ഹർജിക്കാരൻ ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളതും ആയത് ഈ ഹർജിയുടെ ഭാഗമായും കാണേണ്ടതുമാണ് എന്നും കോടതി ഉത്തരവ് പ്രകാരമുള്ള Maintenance ഹർജിക്കാരൻ നൽകി വരുന്നതും കേസ് Evidence നായി 05-03-2026 ലേക്ക് പോസ്റ്റ് ചെയ്തിട്ടുമാണ് എന്നും ഹർജിയിൽ പറയുന്നു. ഹർജിക്കാരൻ ഇപ്പോൾ ലീവിൽ നാട്ടിലെത്തിയിട്ടുള്ളതും ടിയാന് പ്രായമായ ഉമ്മയുമുള്ളതുമാണ്. കുട്ടികളെ കാണുന്നതിനായി എതിർകക്ഷിയുമായി ഫോണിൽ ബന്ധപ്പെട്ടുമ്പോൾ കുട്ടികളെ കാണിക്കുകയില്ലെന്നും, കാണണമെങ്കിൽ കോടതി ഉത്തരവുമായി വരണമെന്നും ടിയാരി അറിയിച്ചിട്ടുള്ളതാണ് എന്നും ഹർജിക്കാരൻ ഇതിനുമുമ്പ് നാട്ടിൽ വന്ന സമയത്തും ഇപ്പോൾ വന്ന സമയത്തും പലപ്രാവശ്യം കുട്ടികളെ

കാണുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടിട്ടും എതിർകക്ഷി തയ്യാറാകാതിരുന്നിട്ടുള്ളതുമാണ് എന്നും ഹർജിയിൽ സൂചിപ്പിക്കുന്നു. ആയതിനാൽ ഹർജിക്കാരനും പ്രായമായ ഉമ്മയ്ക്കും കുട്ടികളെ കാണുവാൻ അനുവദിച്ച് ഒരു ഉത്തരവ് ബഹു:കോടതി അനുവദിക്കുന്നതിനു വേണ്ടിയാണു ഹർജിക്കാരൻ ടി ഹർജി ബോധിപ്പിച്ചിട്ടുള്ളത്.

3. എതിർകക്ഷി ഹാജരാകുകയും, മേൽനമ്പർ ഹർജിക്കെതിരെ ആക്ഷേപം ഫയൽ ചെയ്യുകയും, ആയത് ടി. ഹർജിയോടൊപ്പം പരിഗണിക്കണമെന്ന് വാദിക്കുകയും ചെയ്തിരിക്കുന്നു.

4. എതിർകക്ഷിയുടെ ആക്ഷേപത്തിന്റെ ചുരുക്കം:- ഹർജിക്കാരന്റെ മേൽ നമ്പർ ഹർജിയിലെ എല്ലാ ആരോപണങ്ങളും എതിർകക്ഷി നിഷേധിച്ചിട്ടുള്ളതും ഹർജിയിൽ പരാമർശിച്ച വസ്തുതകൾ കളവും ദുരുദ്ദേശപരവും കേസിനു വേണ്ടി കെട്ടിച്ചമച്ചതുമാണെന്ന് ആക്ഷേപത്തിൽ ബോധിപ്പിച്ചിട്ടുള്ളതാണ്. ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ളതു പ്രകാരം ബഹുമാനപ്പെട്ട കോടതിയിൽ നിന്നും ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരന് അർഹതയില്ലാത്തതാണെന്നും യാതൊരു ഉത്തമ വിശ്വാസവും ഇല്ലാതെ സമർപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹർജി തള്ളി ഉത്തരവുണ്ടാകേണ്ടതാണെന്നും എതിർകക്ഷി ആക്ഷേപത്തിൽ പറയുന്നു. ഹർജിക്കാരൻ Maintenance നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതും, ഹർജിക്കാർക്ക് കുട്ടികളെ കാണുന്നതിനുവേണ്ടി എതിർകക്ഷിയോട് ഫോണിലൂടെ ബന്ധപ്പെട്ടപ്പോൾ, ടിയാരി കുട്ടികളെ കാണിക്കുകയില്ല എന്ന് ഫോണിലൂടെ പറഞ്ഞിട്ടില്ലാത്തതും കുട്ടികളെ ഹർജിക്കാർ കാണുന്നതിൽ എതിർകക്ഷി യാതൊരു തടസ്സവും വരുത്തിയിട്ടില്ലാത്തതുമാണെന്നും ടിയാരി ആരോപിക്കുന്നു. കഴിഞ്ഞ വിചാരണ തീയ്യതിയിൽ എതിർകക്ഷി കുട്ടികളെ കോടതി ഉത്തരവ് അനുസരിച്ച് ഹാജരാക്കിയിട്ടുള്ളതും, ഹർജിക്കാരുമായി കുട്ടികൾ സമയം ചിലവിട്ടിട്ടുള്ളതുമാണെന്നും എന്നാൽ കുട്ടികൾക്ക് ടിയാരുമായി കൂടുതൽ സമയം ചിലവിടുന്നതിൽ അവർ എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളതുമാണെന്ന് എതിർകക്ഷി ആക്ഷേപിച്ചു. എതിർകക്ഷിക്കും കുട്ടികൾക്കും കൂടി 06-04-2025 മുതൽ 06-01-2026 വരെ 60,000 രൂപയും, 05-01-2024 മുതൽ 05-04-2024 വരെ 24,000 രൂപയിൽ 20,000 രൂപ നൽകിയതും ബാക്കി 4,000 രൂപ കൂടി ചേർത്ത് മൊത്തം 64,000 രൂപ ഹർജിക്കാരനിൽ നിന്നും ലഭിക്കേണ്ടതായിട്ടുള്ളതാണെന്നും ആക്ഷേപത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ഹർജി സംഗതികൾ കളവാണെന്ന് കണ്ട് മേൽനമ്പർ ഹർജി തള്ളി ഉത്തരവുണ്ടാകണമെന്ന് എതിർകക്ഷി അപേക്ഷിച്ചിട്ടുള്ളതായി കാണുന്നു.

5. ഇരുഭാഗവും ഹാജരായി. വാദം കേട്ടു.

6. താഴെ പറയുന്ന വിവാദ വിഷയം പരിഗണനക്കായി എടുത്തു.

- അപേക്ഷിച്ചതുപോലെ ഹർജിക്കാരനും പ്രായമായ ഉമ്മയ്ക്കും കുട്ടികളെ കാണുവാൻ അനുവദിച്ച് ഒരു ഉത്തരവ് ലഭിക്കാൻ ഹർജികക്ഷിക്ക് അർഹതയുണ്ടോ?

7. വിവാദവിഷയം:- ഹർജിയും സത്യവാങ്മൂലവും പരിശോധിച്ചു. ടി ഹർജി ബോധിപ്പിച്ചിട്ടുള്ളത് പ്രധാന ഹർജിയിലെ എതിർകക്ഷിയായ ടി ഹർജിയിലെ ഹർജിക്കാരിയുടെ ഭർത്താവാണ്. ഹർജിക്കാരനും പ്രായമായ ഉമ്മയ്ക്കും കുട്ടികളെ കാണുവാൻ അനുവദിച്ച് ഒരു ഉത്തരവ് ഉണ്ടാകുന്നതിന് വേണ്ടിയാണ് ടി ഹർജി ബോധിപ്പിച്ചിട്ടുള്ളത്. ഹർജിക്കാർ ഭാഗം ഈ ഹർജി ഈ കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുള്ളത് സിവിൽ നടപടി നിയമത്തിലെ 151-ാം വകുപ്പ് പ്രകാരം ആണ് എന്ന് കാണാൻ കഴിഞ്ഞു. ഗാർഹിക പീഡന സ്ത്രീ സംരക്ഷണ നിയമം പരിശോധിച്ചതിൽ വച്ച് എതിർകക്ഷിയായ ഭർത്താവിന് ഈ കോടതി മുൻപാകെ ഒരു ഹർജി സമർപ്പിച്ച് നിവർത്തി ചോദിക്കുവാൻ ഗാർഹിക പീഡനന സ്ത്രീ സംരക്ഷണ നിയമം സെക്ഷൻ 25(2) അല്ലാതെ പ്രാപ്തമാക്കുന്ന ഒരുപ്രത്യേക വകുപ്പ് ഉള്ളതായി കാണാൻ സാധിക്കുന്നില്ല. എന്നാൽ ടി സെക്ഷൻ പരിശോധിച്ചതിൽ വച്ച്, ആയത് കുട്ടികളെ കാണുന്നതുമായി ബന്ധപ്പെട്ട ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള ഒരു വകുപ്പ് അല്ലെന്നും മനസ്സിലായി. ആയതിനാൽ തന്നെ ഈ ഹർജിയിൽ ആവശ്യപ്പെടുന്ന നിവർത്തി നൽകുന്നതിന് ഈ കോടതി പ്രാപ്തമല്ല.

ആയതിനാൽ, ഈ ഹർജി തള്ളി ഉത്തരവാകുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനെക്കൊണ്ട് പറഞ്ഞ് എഴുതിക്കുകയും ടൈപ്പ് ചെയ്യിക്കുകയും, ഞാൻ തിരുത്തുകയും 2026 മാർച്ച് 16 ന് കോടതിയിൽ ഉത്തരവായിരിക്കുന്നു.)

Sd/-
ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

//ശരിപകർപ്പ്//

ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

<u>ഇതിലേക്ക് പകർത്തുക:-</u>

1. SHO, കൊടുങ്ങല്ലൂർ Police Station
2. ഹർജിക്കാരൻ
3. എതിർകക്ഷി

Copy of Order
CMP 03/2026 in MC 02/2024
Dated: 2026 മാർച്ച് 16.